LIBRARY ARCHIVES Kerala Legislative Assembly

ചെറു ധാന്യങ്ങൾ (കുവരക്, ചാമ, വരക്, തിന, പനിവരക്, കുതിരവാലി) വിള ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തി നഷ്ടപരിഹാരം നൽകിവരുന്നത്. വാണിജ്യ പുഷ്പ കൃഷി, പപ്പായ, റംബൂട്ടാൻ, പേര, സപ്പോട്ട, പാഷൻ ഫ്രൂട്ട് മുതലായ ചെറുഫലവിളകൾ, ചേമ്പ്, കാച്ചിൽ, കൂർക്ക തുടങ്ങിയ കിഴങ്ങു വർഗ്ഗങ്ങൾ, തേനീച്ച കൃഷി, കോലിഞ്ചി എന്നിവ കൂടി ഉൾപ്പെടുത്തുന്നതിനുള്ള വിഷയം പരിഗണനയിലാണ്. ആയതു പൂർത്തിയാകുന്നതോടെ വിള ഇൻഷ്വറൻസ് പദ്ധതി കൂടുതൽ ആകർഷകമാകുന്നതാണ്.

കർഷക താല്പര്യം സംരക്ഷിക്കാൻ നടപടി

7 (*97) ശ്രീ. എം. വിൻസെന്റ്:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരുടെ പട്ടയ ഭൂമിയിൽനിന്നും ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കാൻ അനുമതി ആവശ്യപ്പെട്ട് കൃഷി വകുപ്പിന് ഏതെങ്കിലും കർഷക സംഘടനയോ കർഷകരോ നിവേദനം നൽകിയിരുന്നോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

കർഷകരുടെ പട്ടയ ഭൂമിയിൽനിന്നും ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കാൻ കർഷകർ അനുമതി ആവശ്യപ്പെടുന്ന വിവരം കർഷക സംഘടനകൾ കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് 2020 ഒക്ടോബർ 24-ന് റവന്യൂ വകുപ്പ് ഉത്തരവ് പുറത്തിറക്കുന്നതിനുമുമ്പ് കൃഷി വകുപ്പുമായി റവന്യൂ വകുപ്പ് ആശയവിനിമയം നടത്തിയിരുന്നോ; വിശദാംശങ്ങൾ നൽകാമോ?

ഇല്ല.

(സി) പ്രസ്തുത ഉത്തരവ് പ്രകാരം മരം മുറിച്ച ഭൂമിയുടെ ഉടമസ്ഥരായ കർഷകർക്കെതിരെ കേസ് എടുക്കാൻ വനം വകുപ്പ് നിർദ്ദേശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരമുള്ള കർഷകരുടെ താല്പര്യം സംരക്ഷിക്കാൻ കൃഷി വകുപ്പ് എന്തൊക്കെ ഇടപെടലാണ് നടത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.